ണനിയമം അനുശാസിക്കുന്ന രീതിയിൽ കേന്ദ്രസർക്കാരിൽ നിന്ന് മുൻകൂർ അനുമതി തേടുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

(ബി) ഇല്ല.

(സി) വനം ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നൽകുമ്പോൾ ലഭിക്കുന്ന നിയമാനുസൃതമായ തുക സർക്കാരിന്റെ പൊതുഖജനാവിലേക്കാണ് മുതൽക്കൂട്ടുന്നത്.

(ഡി) ഇങ്ങനെയുള്ള വന ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി വനം വകുപ്പിന് കൂടുതൽ വരുമാനം ഉണ്ടാക്കുവാനല്ല, മറിച്ച് ഈ തൊഴിൽ മാത്രം ഉപജീവനമാർഗ്ഗമാക്കിയിരിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിനും കരിങ്കല്ലിന്റെ ഉപയോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനും ഉള്ള ഉദ്ദേശത്തോടെയാണ് കേന്ദ്രസർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

67 (1516) അഗസ്ത്യവനത്തിലെ തീപിടുത്തം

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യവനത്തിൽ അടുത്ത കാലത്തുണ്ടായ തീ പിടുത്തത്തിൽ എത്ര ഏക്കർ വനം കത്തി നശിച്ചു എന്നറിയിക്കുമോ;

(ബി) നാശനഷ്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) തീപിടുത്തത്തിൽ ആദിവാസി സങ്കേതങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) ഏതെങ്കിലും പ്രത്യേക മരങ്ങൾ നിൽക്കുന്ന പ്രദേശത്താണോ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്;

(ഇ) അഗസ്ത്യവനപ്രദേശത്ത് അനുമതിയില്ലാതെ ആളുകൾ പ്രവേശിക്കുന്നത് നിരോധിക്കുമോ?

ഉത്തരം

(എ) അഗസ്ത്യവനത്തിന്റെ കീഴിലുള്ള പുൽമേടുകളിൽ സർവ്വസാധാരണമായ ഉപരിതല തീ വീഴ്ചയിൽ കവിഞ്ഞ് നാശോന്മുഖമായ തീ വീഴ്ച ഒന്നും തന്നെ ടി വനമേഖലയിൽ ഉണ്ടായിട്ടില്ല. ഇത്തരത്തിൽ ഉപരിതല തീ വീഴ്ച ഉണ്ടായതിന്റെ വിവരം ചുവടെ ചേർക്കുന്നു. ചോനാംപാറ ഭാഗം - 4 ഹെക്ടർ.

(ബി) സർക്കാരിന് 2000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അല്ല. മരങ്ങൾ കുറവായ പുൽമേടുള്ളതും ഉണങ്ങിയ ചപ്പുചവറുകൾ കൂടുതൽ ഉള്ളതുമായ തുറസുകളിലാണ് തീ വീഴ്ച ഉണ്ടായിട്ടുള്ളത്.

(ഇ) അനുമതിയില്ലാതെ ആളുകൾ പ്രവേശിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമം ഇപ്പോൾ തന്നെ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly